



ഇസ്‌ലാമിക സംസ്കാരത്തിന്റെ ഹൃദയത്തുടിപ്പുകൾ മായ്ച്ചുകളയാൻ വഹാബിസം യൂറോപ്പിൽ നിരവധി സ്മാരകങ്ങൾ ഇടിച്ചു നിരത്തി. 'ഇത്ര കല്ലിച്ച ഹൃദയമാണോ വഹാബിസത്തിന്റേതെ'ന്ന് ചോദിക്കുകയാണ് നേരറിഞ്ഞവർ. സ്റ്റീഫൻ സ്ക്വാർട്സിന്റെ നിരീക്ഷണങ്ങൾ പരിശോധിക്കുന്ന അവസാന ഭാഗം

മറുവായന/**ലുഖ്മാൻ കരുവാരക്കുണ്ട്**

# കല്ലിച്ച ഹൃദയം

**അ**ഫ്ഗാനിലേക്ക് കുടിയേറിയ വഹാബികൾ അറബ് അഫ്ഗാൻ എന്ന പേരിലാണറിയപ്പെടുന്നത്. അമേരിക്കൻ സഹായത്തോടു കൂടിയുള്ള താലിബാന്റെ വിജയം വഹാബികൾക്ക് കൂടുതൽ ആത്മവിശ്വാസം നൽകി. അങ്ങനെയാണ് യൂറോപ്പിലെ മുസ്‌ലിം രാഷ്ട്രങ്ങളിലേക്കുള്ള നുഴഞ്ഞുകയറ്റം ആരംഭിക്കുന്നത്; വിശേഷിച്ചും തൊണ്ണൂറുകളിൽ. സംഘർഷഭരിതമായിരുന്ന ബോസ്നിയയും കൊസോവയും അവർക്ക് തങ്ങാൻ പറ്റിയ ഏറ്റവും നല്ല താവളങ്ങളായിരുന്നു. Sword of Dishonour, The Wahhabi International എന്ന അധ്യായത്തിൽ സ്റ്റീഫൻ കൃത്യമായി വരച്ചിടുന്നുണ്ട്, ഈ അധിനിവേശത്തെ. തൊണ്ണൂറുകൾ മുഴുവൻ യൂറോപ്യൻ മുസ്‌ലിംകൾക്കിടയിൽ കഴിച്ചുകൂട്ടിയ സ്റ്റീഫൻ സ്വാനുഭവങ്ങളുടെ സാക്ഷിമൊഴികൾ എന്ന നിലയിലാണിത് രേഖപ്പെടുത്തുന്നത്.

2002 മാർച്ചിൽ സഊദി പത്രമായ *ഐനുയഖീൻ* പുറത്തുവിട്ട റിപ്പോർട്ടനുസരിച്ച് കോടിക്കണക്കിന് ഡോളറുകളാണ് വഹാബിവത്കരണത്തിനായി ഓരോ വർഷവും യൂറോ-അമേരിക്കൻ രാഷ്ട്രങ്ങളിലെത്തുന്നത്. 1500 മസ്ജിദുകൾ, 202 കോളജുകൾ, 2000 സ്കൂളുകൾ എന്നിവ ആ ലക്ഷ്യത്തോടെ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെന്ന് പത്രം പറയുന്നു. യൂറോപ്യൻ രാഷ്ട്രങ്ങളിലെ മുസ്‌ലിംകൾക്ക് ഹജ്ജ് യാത്ര സൗജന്യമാക്കി സൗകര്യമേർപ്പെടുത്തുന്നതിന്റെ പിന്നിലുള്ള സഊദി ലക്ഷ്യവും വഹാബി പ്രബോ

ധനമാണ്.

ബോസ്നിയയിലേക്കുള്ള വഹാബി കുടിയേറ്റത്തെ സംബന്ധിച്ച സുപ്രധാന രേഖകൾ 2002ൽ ഗവൺമെന്റ് പുറത്തുവിട്ടിരുന്നു. 1992ലെ ബോസ്നിയൻ യുദ്ധത്തെത്തുടർന്ന് നടന്നുകൊണ്ടിരിക്കുന്ന വഹാബിവത്കരണത്തിന് 600 മില്യൻ ഡോളർ ചെലവഴിച്ചിട്ടുണ്ടെന്നാണതിൽ പറയുന്നത്. ബോസ്നിയയിലെ സഊദി അംബാസിഡറുടെ നേതൃത്വത്തിലാണത് നടന്നുകൊണ്ടിരിക്കുന്നത്. മുസ്‌ലിം നാഗരികതയുടെ ശേഷിപ്പുകളായി നിവർന്നു നിന്നിരുന്ന മിക്ക മസ്ജിദുകളും വഹാബികൾ പുനർനിർമിച്ചിട്ടുണ്ട്. ഈമാനിക ചൈതന്യം നൽകുന്ന സൗകുമാര്യതയുള്ള അനേകം ആർക്കിടെക്ചറുകളാണവർ തകർത്തുകളഞ്ഞത്. അന്നത്തെ ബോസ്നിയൻ വിദേശകാര്യ മന്ത്രിയായിരുന്ന സാത്കോ ലഗുംജ വളരെ വേദനയോടെയാണ് ഈ സംഭവങ്ങളോട് പ്രതികരിച്ചത്. ബോസ്നിയയുടെ മുസ്‌ലിം സംസ്കാരത്തിന്റെ ഹൃദയമാണ് പ്രാകൃതരായ വഹാബികൾ നശിപ്പിക്കുന്നത് എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രസ്താവനയുടെ ചുരുക്കം.

സെർബിയൻ പാരമ്പര്യ വിശ്വാസികളുടെ പക്ഷത്തുനിന്ന് നാമമാത്രമായ ചെറുത്തുനിൽപ്പുകളെങ്കിലും ഉണ്ടായിരുന്നു; വഹാബികൾക്ക് ഭീഷണിയായി. എന്നാൽ കൊസോവയിലെ സ്ഥിതി അതല്ല, സൂഫിസത്തിന്റെ സ്വാധീനം ശക്തമാണെങ്കിലും പരമ്പരാഗത മുസ്‌ലിംകൾ സംഘടനാപരമായി ദുർബലരാണവിടെ. 1998ൽ പെജ നഗരത്തിലെ പ്രസിദ്ധമായൊരു മഖ്ബറ വഹാബികൾ അടിച്ചു നിരത്തി. പതിനേഴാം നൂറ്റാണ്ടിൽ ജീവിച്ച വിശ്രുതനായൊരു സൂഫിയുടെതായിരുന്നു അത്. 2000ൽ നടന്ന കൊസോവ യുദ്ധത്തിൽ ഏറ്റവുമധികം മുതലെടുപ്പ് നടത്തിയത് വഹാബികളായിരുന്നു. നാറ്റോ സേനയുടെ സഹായത്തോടെ അനേകം മഖാമുകൾ അവർ ശിഥിലമാക്കി. സൂഫീ ഗ്രന്ഥങ്ങൾ സൂക്ഷിച്ചിരുന്ന ലൈബ്രറികൾ തീയിട്ടു കരിച്ചു. ഉസ്മാനിയ ഖിലാഫത്തിന്റെ കാലത്ത് സ്ഥാപിച്ച നിരവധി പള്ളികൾ തകർത്തു. അന്നത്തെ ദേശീയ ഗ്രാൻഡ് മുഫ്തിയായിരുന്ന റെക്സെപ്പ ബ്രാജെ വേദനയോടെ ചോദിക്കുന്നു: 'അഞ്ഞൂറ് വർഷം പഴക്കമുള്ള ഈ സ്മാരകങ്ങൾ തകർക്കാൻ മാത്രം കല്ലിച്ചതാണോ ഇവരുടെ ഹൃദയം?'

### യുഎസ്, സഊദി: സൗഹൃദത്തിന്റെ പൊരുളുകൾ

വഹാബീ ഭീകരതക്കു നേരെ നിസ്സംഗത പുലർത്തുന്ന സഊദി ഭരണകൂടത്തിന്റെ നിലപാടുകളാണ് ഇസ്‌ലാമിക തീവ്രവാദികളുടെ വളർച്ച ഇത്രയധികം വിപുലമാക്കിയത്. ഇബ്നു അബ്ദുൽ വഹാബുമായുള്ള ബാന്ധവത്തോടെ സഊദി ഭരണകൂടത്തിന്റെ അജണ്ടകളിൽ വന്ന പ്രതിലോമപരതയെ ആഴത്തിൽ പുസ്തകം വിശകലനം ചെയ്യുന്നു. മുസ്‌ലിം ലോകത്ത് പുതിയ കാലത്ത് നിലനിൽക്കുന്ന ഏതാണ്ടെല്ലാ സംഘർഷങ്ങളിലും സഊദിയുടെ ഇടപെടലുകൾ ചെറിയ തോതിലെങ്കിലും ഉണ്ടാകുന്നുണ്ടെന്നതിന് ഉപോൽബലകമായ നിരവധി തെളിവുകൾ സ്റ്റീഫൻ ചൂണ്ടിക്കാണിക്കുന്നുണ്ട്.

പാക്കിസ്ഥാനിലും ഫലസ്തീനിലും ദിനേനയെന്നോണം നടക്കുന്ന ചാവേർ ആക്രമണങ്ങൾക്കു പിന്നിൽ വഹാബികളാണെന്ന സ്റ്റീഫന്റെ നിരീക്ഷണം തള്ളിക്കളയാവതല്ല. സോവിയറ്റ് അധിനിവേശസമയത്ത് അഫ്ഗാനിലേക്ക് നുഴഞ്ഞുകയറിയ അറബ് വഹാബികളാണ് ഈ തീവ്രവാദ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. 1995ൽ റിയാദിൽ നടന്ന ബോംബാക്രമണത്തിൽ അഞ്ച് അമേരിക്കക്കാരും ഒരിന്ത്യക്കാരനും വധിക്കപ്പെടുകയുണ്ടായി. ആ സംഭവത്തിൽ അറസ്റ്റ് ചെയ്യപ്പെട്ട മൂന്ന് സഊദി പൗരന്മാരും അഫ്ഗാനിൽനിന്ന് പരിശീലനം നേടിയവരായിരുന്നു. പത്തൊമ്പത് അമേരിക്കൻ പൗരന്മാർ കൊല്ലപ്പെട്ട തൊണ്ണൂറ്റിയാറിലെ ഖബാർ ടവർ സ്ഫോടനത്തിനു പിന്നിൽ സഊദി വഹാബികളുടെ പങ്ക് വ്യക്തമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. ഈ സ്ഫോടനങ്ങളിലെ അന്വേഷണങ്ങളോടെല്ലാം സഊദി ഗവൺമെന്റ് നിസ്സഹകരിക്കുന്നു എന്നതിലപ്പുറം നമ്മെ അതിശയിപ്പിക്കുന്നൊരു വസ്തുതയുണ്ട്. വഹാബികളുടെ ഈ ഭീകരപ്രവർത്തനങ്ങളെക്കുറിച്ച് സംസാരിക്കാൻ പോലും അമേരിക്ക തയാറാവുന്നില്ല. ഇസ്‌ലാമിക ഭീകരത എന്ന വാക്കാണ് അവർക്കുപയോഗിക്കാനെളുപ്പം!

സഊദി ഭരണകൂടത്തിന്റെ കാർമികത്വത്തിൽ നിർമിക്കപ്പെടുന്ന വഹാബി ഭീകരതയെക്കുറിച്ച് യു എസ് നിശ്ശബ്ദത പാലിക്കുന്നതിന് കാരണമായി രണ്ട് കാര്യങ്ങൾ സ്റ്റീഫൻ ഉന്നയിക്കുന്നുണ്ട്. ഒന്ന്, സഊദിയിൽനിന്നുള്ള ഓയിൽ അമേരിക്കൻ കോർപ്പറേറ്റുകളിലേക്ക് സുഗമമായി ഒഴുകേണ്ടതുണ്ട്. മറ്റൊന്ന്, അമേരിക്കൻ താൽപര്യങ്ങൾക്കനുസരിച്ച് 'ജിഹാദ്' ചെയ്യാൻ തയാറുള്ള ഒരു ജനത വഹാബികൾ മാത്രമാണുള്ളത്. അതിനാൽ അവരെ വളർത്തിയാൽ വലിയ കാര്യമുണ്ട്. ഇസ്‌ലാമിനെ എന്നും കുരിശിൽ നിർത്താമല്ലോ.

അമേരിക്കയിലേക്ക് വഹാബികൾ കുടിയേറാൻ തുടങ്ങുന്നത് 1980കൾ തൊട്ടാണ്. അതായത് അമേരിക്കൻ താൽപര്യാർഥം ബിൻലാദൻ അടക്കമുള്ള സഊദിഭീകരർ അഫ്ഗാനിൽ ചെന്ന് സോവിയറ്റ് യൂണിയനെതിരെ കലാപവുമായി രംഗത്തെത്തുന്നതു മുതൽ. അന്നുവരെ ഇസ്‌ലാമിക സംഘടനകളെ നിരന്തരം വേട്ടയാടിയിരുന്ന യു എസ് ഗവൺമെന്റ് വഹാബിമൂവ്മെന്റുകളോട് ഉദാരമായ സമീപനമായിരുന്നു സ്വീകരിച്ചിരുന്നത്. അതോടെ സഊദി ഫണ്ടുകൾ അമേരിക്കയിലേക്ക് നിർലോഭം ഒഴുകി. വഹാബി തിയോളജി അനുസരിച്ച് പ്രവർത്തിക്കുന്ന അനേകം പള്ളികൾ സ്ഥാപിതമായി. *ന്യൂ ട്രന്റ്* മാഗസിൻ എഡിറ്ററായ കൗകബ് സിദ്ദീഖ് ഈ വിഷയത്തെ കേന്ദ്രീകരിച്ച് ധാരാളം പഠനങ്ങൾ നടത്തിയിട്ടുണ്ട്.

വഹാബി സഊദി കൂട്ടുകെട്ടിന്റെ വ്യാപ്തി അറിയണമെങ്കിൽ വേൾഡ് ട്രേഡ് സെന്റർ ആക്രമണത്തെ തുടർന്ന് നടന്ന സംഭവങ്ങൾ മാത്രം വിലയിരുത്തിയാൽ മതി. ഉപയോഗം കഴിഞ്ഞപ്പോൾ ബിൻലാദനെ പ്രതിപ്പട്ടികയിൽ ചേർത്ത് അഫ്ഗാനിലേക്ക് അധിനിവേശം നടത്തിയ അമേ

രിക്ക, പക്ഷേ ലാദന്റെ ജന്മനാടായ സഊദി അറേബ്യയെക്കുറിച്ച് ഒരക്ഷരം പോലും മിണ്ടാൻ തയാറായില്ല. ഇറാഖ് അധിനിവേശത്തോട് സഊദിയും യോജിപ്പു പ്രകടിപ്പിച്ചു. കാരണം ഇറാഖിലെ മഹാഭൂരിപക്ഷം വരുന്ന സുന്നി വിശ്വാസികളായ കുർദുകളുടെ ശല്യം അതോടെ അവസാനിക്കുമല്ലോ.

ഇത്തരത്തിൽ വ്യത്യസ്തവും ശ്രദ്ധേയവുമായ അനേകം നിരീക്ഷണങ്ങൾ അനുഭവത്തിന്റെ വെളിച്ചത്തിൽ തുറന്നു പറഞ്ഞതിനാൽതന്നെ ഗംഭീരമായ സ്വീകരണമാണ് സ്റ്റീഫൻ സ്ക്വാർട്സിനിപ്പോൾ അമേരിക്കൻ ബുദ്ധിജീവികൾക്കിടയിൽ ലഭിക്കുന്നത്. *Weekly standard* എഡിറ്റർ വില്യം കരിസ്റ്റോൾ *Two Faces of Islam*-നെക്കുറിച്ച് പറയുന്നതിങ്ങനെയാണ്: "അമേരിക്കയുടെ ഭീകരതക്കെതിരായ യുദ്ധം സാംസ്കാരിക ഇസ്‌ലാമിനെ ക്രൂശിക്കുന്നതിനു പകരം റാഡിക്കൽ ഇസ്‌ലാമിന്റെ വക്താക്കളായ വഹാബികൾക്കെതിരായാണ് നടത്തേണ്ടത്. സഊദി വഹാബി കൂട്ടുക്കെട്ടിന്റെ രൗദ്രതയെ സ്റ്റീഫൻ സ്ക്വാർട്സിനെപ്പോലെ ഒരാളും ഇതുവരെ അനാവരണം ചെയ്തിട്ടില്ല."

**സൂഫിസം ഇസ്‌ലാമിന്റെ മൗലികഭാവം**

ഫണ്ടമെന്റലിസത്തിന്റെ ചരിത്രവും വർത്തമാനവും രേഖപ്പെടുത്തുന്നതിലാണ് 'ഇസ്‌ലാമിന്റെ ദ്വിമുഖങ്ങളി'ൽ സ്റ്റീഫൻ ശ്രദ്ധയൂന്നിയത്. ആ ഗ്രന്ഥത്തിൽ പരോക്ഷമായി വിവരിക്കുന്ന ഇസ്‌ലാമിന്റെ മൗലികഭാവമായ ആധ്യാത്മികതയെ വിശദീകരിക്കാനാണ് അദ്ദേഹം *The Other Islam* രചിക്കുന്നത്. കൗമാരം മുതൽ ആരംഭിച്ച പഠനങ്ങളിലൂടെയും യാത്രകളിലൂടെയും സ്റ്റീഫൻ അറിയുകയും അനുഭവിക്കുകയും ചെയ്ത സൂഫിസത്തെ മനോഹരമായി ആഖ്യാനിക്കുന്നുണ്ട് ഈ പുസ്തകത്തിൽ. ഇസ്‌ലാമിക തസ്വവ്വുഫിനെക്കുറിച്ച് അടുത്ത കാലത്ത് അമേരിക്കയിൽ എഴുതപ്പെട്ടതിൽ വച്ച് ഏറ്റവും ഉജ്ജ്വലമായ പുസ്തകം എന്നാണ് നിരൂപകർ *The Other Islam* നെ വിശേഷിപ്പിക്കുന്നത്.

തിരുനബി(സ)യുടെയും സ്വഹാബത്തിന്റെയും ജീവിതത്തിലെ സംഭവബഹുലമായ ആധ്യാത്മിക മുഹൂർത്തങ്ങൾ, സൂഫിസം ഇസ്‌ലാമിക സമൂഹത്തിൽ എങ്ങനെ സ്വാധീനിക്കപ്പെട്ടു, വിവിധ കാലങ്ങളിൽ മുസ്‌ലിം ഉമ്മത്തിന്റെ സാമൂഹിക സാംസ്കാരിക ആധ്യാത്മിക ശീലങ്ങളെ അതെങ്ങനെ രൂപപ്പെടുത്തി തുടങ്ങി ഗൗരവതരമായ അനേകം വിഷയങ്ങൾ ഈ കൃതി വിശകലനം ചെയ്യുന്നു.

ഒരു കാലത്ത് ഇസ്‌ലാമിക രാജ്യങ്ങളിൽ സമൃദ്ധമായിരുന്ന ത്വരീഖതുകൾ ക്രമേണ അസ്തമിച്ചു പോയതിന് കാരണം സഊദി പെട്രോ ഡോളറിന്റെ സഹായത്തോടെ വഹാബി ഫണാറ്റിക്കുകൾ നടത്തിയ ഇടപെടലുകളാണ്. അന്യമതങ്ങളുമായുള്ള സമ്പർക്കത്തിലൂടെയാണ് സൂഫീ വിചാരങ്ങൾ ക്രമപ്പെട്ടതെന്ന അവരുടെ വിമർശത്തെ സ്റ്റീഫൻ ശക്തമായി ഖണ്ഡിക്കുന്നു. An utter love of God (ദൈവത്തോടുള്ള പരമമായ സ്നേഹം) എന്നാണദ്ദേഹം സൂഫിസത്തിനു നൽകുന്ന നിർവചനം.

പത്തുവർഷം നീണ്ട യൂറോപ്യൻ സഞ്ചാരത്തിലാണ് സൂഫിസത്തിന്റെ വൈവിധ്യങ്ങളെ കാണാൻ പറ്റിയതെന്ന് സ്റ്റീഫൻ പറയുന്നു. നഖ്ശബന്ദി ത്വരീഖത്തിന്റെ ഗുരുവായിരുന്ന ശൈഖ് ഹിശാമിൽനിന്ന് 1997ൽ ഇസ്‌ലാം സ്വീകരിച്ച സംഭവം വിശദീകരിക്കുമ്പോൾ ത്വരീഖതിനെക്കുറിച്ച് അദ്ദേഹം പറയുന്നതിങ്ങനെയാണ്: Islamic directness in relationship between man and God. സൂഫീ ചിന്തകളെക്കുറിച്ചും ത്വരീഖത്തുകളെക്കുറിച്ചും വിശദമായ വിവരങ്ങൾ പുസ്തകത്തിലുണ്ട്. റാബിഅതുൽ അദവിയ്യ, ഹുസൈൻ ബിൻ മൻസൂർ ഹല്ലാജ്, ഇമാം ഗസ്സാലി, ഇബ്നു അറബി എന്നിവരുടെ പുസ്തകങ്ങൾ തന്നെ അഗാധമായി സ്വാധീനിച്ചുവെന്ന് പറയുന്ന സ്റ്റീഫൻ, 'അനൽഹഖ്' പോലുള്ള സൂഫി സങ്കേതങ്ങളുടെ അകവും പൊരുളും വിശദീകരിക്കുന്നുമുണ്ട്.

കൂടാതെ, ഖാദിരി, ബാ അലവി, നഖ്ശബന്ദി, ബദവി ത്വരീഖതുകളുടെ ദാർശനിക സവിശേഷതകളെക്കുറിച്ചും വ്യത്യസ്ത കാലങ്ങളിൽ ത്വരീഖതുകൾക്കുണ്ടായ വികാസത്തെക്കുറിച്ചും പുസ്തകം സമഗ്രമായി പ്രതിപാദിക്കുന്നുണ്ട്.

അക്കാദമിക പണ്ഡിതന്മാർ മതതാരതമ്യ പഠനങ്ങളിൽ മാത്രം മുഴുകുന്നതു കാരണം സൂഫിസത്തെക്കുറിച്ച് വേണ്ടത്ര കൃതികൾ പടിഞ്ഞാറ് ഇപ്പോഴും ലഭ്യമല്ലെന്ന് സ്റ്റീഫൻ എഴുതുന്നുണ്ട്. മാർട്ടിൻ ലിംഗ്സിന്റെ മനോഹരമായ കൃതികളാണ് തനിക്ക് പ്രചോദനമെന്ന് പറയുന്ന അദ്ദേഹം, അൽജീരിയൻ സൂഫിയായിരുന്ന അഹ്മദ് അല്ലാവിയെക്കുറിച്ച് ലിംഗ്സ് എഴുതിയ *A Sufi saint of the Twentieth century* എന്ന ഗ്രന്ഥം തന്നെ ഹഠാദാകർഷിച്ചതായി രേഖപ്പെടുത്തുന്നു. ●

ഇസ്‌ലാമിക തസ്വവ്വുഫിനെക്കുറിച്ച് അടുത്ത കാലത്ത് അമേരിക്കയിൽ എഴുതപ്പെട്ടതിൽ വച്ച് ഏറ്റവും ഉജ്ജ്വലമായ പുസ്തകം എന്നാണ് നിരൂപകർ *The Other Islam* നെ വിശേഷിപ്പിക്കുന്നത്. തിരുനബി(സ)യുടെയും സ്വഹാബതിന്റെയും ജീവിതത്തിലെ സംഭവബഹുലമായ ആധ്യാത്മിക മുഹൂർത്തങ്ങൾ, സൂഫിസം ഇസ്‌ലാമിക സമൂഹത്തിൽ എങ്ങനെ സ്വാധീനിക്കപ്പെട്ടു, വിവിധ കാലങ്ങളിൽ മുസ്‌ലിം ഉമ്മത്തിന്റെ സാമൂഹിക സാംസ്കാരിക ആധ്യാത്മിക ശീലങ്ങളെ അതെങ്ങനെ രൂപപ്പെടുത്തി തുടങ്ങി ഗൗരവതരമായ അനേകം വിഷയങ്ങൾ ഈ കൃതി വിശകലനം ചെയ്യുന്നു.